കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

നം.കെ.എസ്.എ.കെ.എൽ.എം.പി.3/316/2020

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.
തീയതി. 09/06/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം എഴുകോണ് ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം . കെ.എസ്.എ.കെ.എൽ.എം.പി3/316/2020, തിയതി : 09/06/2020

## കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.02.2019 മുതൽ 23.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.01.2020 മുതൽ<br>03.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മണിലാൽ. വി<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. മഞ്ജുളാസാഗർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ചന്ദ്രപ്രകാശ്. സി |

| | |
|---|---|
| | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദു നായർ<br>ഓഡിറ്റർ |

## നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എം. കെ. നിർമ്മല | 01.03.2018 മുതൽ<br>19.05.2018 വരെ |
| | ശ്രീമതി. പി. എം. സുഹറാബീവി | 20.05.2018 മുതൽ 12.06.2018 വരെ |
| | ശ്രീമതി. ഷീജാ നൗഷാദ് | 13.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. എം. ആർ. ഷെരീഫ് | 01.04.2018 മുതൽ 31.03.2019 വരെ |

## നിർവ്വണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷാരോൺ ബിൻ റഷീദ് | 01.04.2018മുതൽ<br>31-03-2019വരെ |
| മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി) | ഡോ. കെ. ശശി | 01.04.2018മുതൽ<br>12-03-2019 വരെ |
| | ഡോ. അനിത | 13-03-2019 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽഓഫീസർ<br>(ആയുർവേദം) | ഡോ. ഹരികുമാർ നമ്പൂതിരി | 01.04.2018മുതൽ<br>31-03-2019വരെ |
| വെറ്റിനറി സർജൻ | ഡോ. മാലിനി. കെ | 01.04.2018മുതൽ<br>31-03-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആൻ നെപ്പോളിയൻ | 01.04.2018മുതൽ<br>31-3-2019 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ. ചന്ദ്രമോഹനൻ | 01.04.2018മുതൽ<br>31-03-2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മണികണ്ഠൻ. ആർ | 01.04.2018മുതൽ<br>31-03-2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. റിയാസ് എസ് | 01.04.2018മുതൽ<br>31-3-2019 വരെ |
| | ശ്രീമതി. ബിന്ദു. എസ് | 18.09.2018മുതൽ<br>31-3-2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ദീപ. എസ് | 01.04.2018മുതൽ<br>31-03-2019വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആശ. സി.പി | 01.04.2018മുതൽ<br>31-03-2019വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഇ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-12 |
| 13 | ഗ്രാമ പഞ്ചായത്തിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ലൈസൻസ് ഈടാക്കുന്നതിൽ വീഴ്ച | 1-13 |
| 14 | തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - പരിപാലനത്തിൽ ഗുരുതരമായ വീഴ്ച വകുപ്പ് തല നടപടികൾക്കു ശിപാർശ ചെയ്യുന്നു. | 1-15 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല. | 1-16 |
| 17 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 1-17 |
| 18 | ഭവന നിർമ്മാണം - ജനറൽ പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 19 | ഭക്ഷണ വിതരണത്തിലൊതുങ്ങുന്ന വെളിനല്ലൂർ ഫെസ്റ്റ് & പുഷ്പ, ഫല, സസ്യ പ്രദർശനം. | 1-19 |
| 20 | പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-20 |
| 21 | എസ്.എസ്.എ- നടപ്പാക്കിയ പ്രവർത്തനങ്ങൾ അവ്യക്തം | 1-21 |
| 22 | പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു. | 1-22 |
| 23 | തെരുവ് വിളക്ക് -അറ്റകുറ്റപണികൾക്കായി വാങ്ങുന്ന ഉപകരണങ്ങൾക്ക് കൃത്യമായ കണക്കില്ല | 1-23 |
| 24 | മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 1-24 |
| 25 | സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ചു -ഓഡിറ്റിൽ അംഗീകരിക്കാത്ത തുക 3450/-രൂപ | 1-25 |
| 26 | എ.ബി.സി പദ്ധതി- നടപ്പാക്കിയില്ല | 1-26 |

| | | |
|---|---|---|
| 27 | മഴക്കാല പൂർവ്വശുചീകരണം – നിർവ്വഹണ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല | 1–27 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 29 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 3-1 |
| 30 | മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയില്ല | 3-2 |
| 31 | മഴക്കാല പൂർവ്വശുചീകരണം നിർവ്വഹണ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | ആനുബന്ധം 1 |
| 44 | അനുബന്ധപത്രികകൾ | ആനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22.02.2019തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 25-04-2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,35,59,510 |
| വരവ് | 11,10,14,248 |
| ആകെ | 12,45,73,758 |
| ചെലവ് | 11,00,67,598 |
| നീക്കിയിരിപ്പ് | 1,45,06,160 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19056073 | 19056073 | 17660224 | 1395849 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 81017000 | 8017000 | 8016999 | 1 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11880000 | 11880000 | 11847547 | 32453 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3898000 | 3898000 | 3024763 | 873237 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10917293 | 10917293 | 8845000 | 2072293 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 8976 | 359 | 9335 | 0 | 9335 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 49036550 | 49036550 | 49036550 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 24412 | 1012436 | 1036848 | 995762 | 41086 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | 361844 | 1780422 | 2142266 | 340071 | 1802195 |

| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | തനത് ഫണ്ടിലാണ് ഈ തുകകൾ വരവ് വച്ചിരിക്കുന്നത് | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 27600 | 2722106 | 2749706 | 2749706 | 0 |
| | ജില്ലാ പഞ്ചായത്ത് | 12000 | 2429891 | 2441891 | 1210691 | 1231200 |
| ബി ഫണ്ട് | | 0 | 440160 | 440160 | 440160 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി എസ്.റ്റി.എസ്.ബി അക്കൗണ്ട്) | | 1560683 | 28928631 | 30489314 | 26712951 | 3776363 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (എസ്.സി.സി) | 1139979 | 5094845 | 6234824 | 899421 | 5335403 |
| | ബാങ്ക് (എസ്.ബി,ഐ) | 6883542 | 25302618 | 32186160 | 30019761 | 2166399 |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക് | | 1436807 | 0 | 1436807 | 1429684 | 7123 |
| വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | | 1250365 | 50015 | 1300380 | 0 | 1300380 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 160014967 | 94 | 77882393 | 18 | 44 | 60.26 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24412 | 102436 | 1036848 | 995762 | 41086 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 49036550 | 49036550 | 49036550 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 440160 | 221 |
| കർഷകതൊഴിലാളി പെൻഷൻ | 4514800 | 371 |
| വിധവാപെൻഷൻ | 15859800 | 1412 |
| | | |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 27218800 | 2419 |
| വികലാംഗപെൻഷൻ | 5446500 | 459 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ വനിതകളുടെ പെൻഷൻ | 202800 | 20 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.1.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15273/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.(സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, തെരുവ് വിളക്കുപകരണങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ, കുടിവെള്ളടാപ്പ് സംബന്ധിച്ച രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല.
ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/12/2019 | 2019 സെപ്റ്റംബർ, ഓക്ടോബർ | 01.01.020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.2014 | 2012-2013 | 11.04.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. Earmarked Funds B2 311100101 പഞ്ചായത്ത് റിസ്ക് റിലീഫ് ഫണ്ട് 13631 രൂപയാണ്. എന്നാൽ വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 7574/40 പാസ്ബുക്ക് പ്രകാരം 31.03.2019 ലെ ക്ലോസിംഗ് ബാലൻസ് 9,335 രൂപയാണ്.

2. 311100199 Other Earmarked special Fund ഇനത്തിൽ 1,12,159 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. ഫിക്സഡ് ഡെപ്പോസിറ്റ് 1/18062 പ്രകാരം വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്കിൽ 25.08.2016 ൽ 20,00,000 രൂപ സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളതാണ്.

   26.06.2017-ൽ സ്ഥിരനിക്ഷേപം പുതുക്കേണ്ടതായിരുന്നു. സ്ഥിരനിക്ഷേപം പരിശോധിച്ചതിൽ 21,95,000 രൂപ 25.08.2016 ൽ 23 മാസത്തേക്ക് സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ബി-12 ഷെഡ്യൂളിൽ 420800100 സ്ഥിരനിക്ഷേപമായി കാണിച്ചിരിക്കുന്നത് 20,00,000 രൂപ മാത്രമാണ്.

4. ലോൺ രജിസ്റ്റർ പ്രകാരം കെ.യു.ആർ. എഫ്.ഡി.സി വായ്പയിനത്തിൽ 30.3.2019 ൽ അടയ്ക്കാൻ ശേഷിക്കുന്ന തുക 1,40,00,853/- രൂപയാണ്. (19315284-5314431) എന്നാൽ ബി-5 സെക്യേർഡ് ലോൺ 330500201 പ്രകാരം 1,40,00,856/- രൂപയാണ് ശേഷിക്കുന്നത്.

5. 2017-2018 വർഷ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം ഡെപ്പാസിറ്റ് ഇനത്തിൽ സ്ഥാപനത്തിനുള്ള ബാധ്യത 87,79,000 രൂപയാണ്. 2018-19 വർഷം ഡെപ്പോസിറ്റ് ഇനത്തിലെ വരവ് ആർ.പി.34 (വരവ്) പ്രകാരം 41,38,440 രൂപയാണ്. തൻവർഷ ചെലവ് ആർ.പി.34 (ചെലവ്) 50,59,672 രൂപയാണ്. ഇത് പ്രകാരം 2018-19 വർഷത്തെ ഡെപ്പോസിറ്റ് ബാധ്യതയായി വരേണ്ടത് 78,57,768 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നത് (ബി-7) 78,07,778 രൂപയാണ്. വ്യത്യാസം 49,990 രൂപ. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6. വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ് 19,84,384 രൂപയാണ്. തൻവർഷ വരവ് 12,39,476 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (ആർ.പി.43) വരവ് 8,97,623 രൂപയാണ്. വാടക രജിസ്റ്റർ പ്രകാരം ബാലൻസ് 7,44,908 രൂപയാണ്. ബാലൻസ് ഷീറ്റ് ബി-15 പ്രകാരം (431400101) 10,86,761 രൂപയാണ്. 3,41,853 രൂപ വ്യത്യാസം കാണുന്നു.

7. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് 10,58,820 രൂപയാണ്. എന്നാൽ ഐ-1 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് 11,25,472 രൂപയാണ്. തൻവർഷ വരവ് രജിസ്റ്റർ പ്രകാരം വരവ് 10,51,831/-രൂപയാണ്. എന്നാൽ ആർ.പി .1 പ്രകാരം 10,87,972 രൂപയാണ്.

8. തൻവർഷം രണ്ട് മരാമത്ത് പ്രവൃത്തികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ 10,78,820/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ബി-11 എ ഷെഡ്യൂൾ പ്രകാരം കാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസ്സിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

9. ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് രജിസ്റ്റർ പ്രകാരം വരവ് 3,84,780 രൂപയാണ് (317280 + 33750+ 33750 = 384780) . എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 4,16,460 രൂപയാണ്.

10. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വസ്തുനികുതി തൻവർഷ ഡിമാന്റ്(റസിഡൻഷ്യലും നോൺ റസിഡൻഷ്യലും ഉൾപ്പെടെ) 40,88,598 രൂപയാണ്. എന്നാൽ എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം (ഷെഡ്യൂൾ ഐ -1 ) 40,96,487 രൂപയാണ്. ആർ. പി. 43 പ്രകാരം വരവ് 36,34,698 രൂപയാണ്. 7355 രൂപയുടെ വ്യത്യാസം. ഈ ഇനം ബാലൻസ് സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 2,85,762 (271762 + ലൈബ്രറി സെസ് 14000) ബാലൻസ് ഷീറ്റ് 4,83,114 രൂപയാണ്. 1,97,352 രൂപയുടെ വ്യത്യാസം.

11. ആർ. പി. 31 ഗ്രാന്റ്, ഫണ്ട്സ് ആന്റ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്പർപ്പസ് അദർ ഏജൻസീസ് (320300103) ൽ 1,70,000 രൂപ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ആധികാരികത തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12. വിവാഹ ധനസഹായം ഇനത്തിൽ 11/12/2018 ൽ 2,10,000 രൂപയും 07.07.2018 ൽ30,000 രൂപയും ഉൾപ്പെടെ 2,40,000 രൂപ വരവുണ്ട്. എന്നാൽ ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി 2018-2019 വർഷം 29,71,270 രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 24,29,891 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 5,41,379 രൂപയുടെ വ്യത്യാസം ഉണ്ട്.

14. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി -11 ഷെഡ്യൂളിലെ തുകയുടെവിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15. എൻ.ആർ.ഇ.ജി.എ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

16. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

17. ഹാജരാക്കിയ രേഖകൾ പ്രകാരം താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ 3 മാസമായിട്ടും പാസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ചെക്ക് നമ്പർ / തീയതി | തുക |
|---|---|---|
| 1 | 0087083/09.11.2018 | 289 |
| 2 | 0086918/31.10.2018 | 375 |
| 3 | 367573/05.12.2018 | 900 |
| | ആകെ | 1564 |

18. അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 ഇ ടെണ്ടർ ഫാറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫാറവിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് അസി. എൻജിനീയറുടെ കറണ്ട് അക്കൗണ്ടിലേയ്ക്ക് (എസ് ബി ഐ, ഓയൂർ A/c no.37284544329) 99039/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ആയത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഗ്രാമ പഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ - ലൈസൻസ് ഈടാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെയും ലൈസൻസ് കൂടാതെയും പ്രവർത്തിക്കുന്നതായി ബോധ്യമാകുന്നു. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കൊമേഴ്സ്യൽ ബിൽഡിംഗ് ടാക്സ് ഈടാക്കുന്ന സ്ഥാപനങ്ങളുടെ വിവരവും ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | വാർഡ് | 2018-2019 വർഷം വരെയുള്ള കൊമേഴ്സ്യൽ ബിൽഡിംഗുകളുടെ എണ്ണം | 2018-2019 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | I | അമ്പലംകുന്ന് | 228 | 32 |
| 2 | II | ചെങ്കൂർ | 55 | 04 |
| 3 | III | മുളയറച്ചാൽ | 59 | 11 |
| 4 | IV | ചെറിയവെളിനല്ലൂർ | 53 | 10 |

| | | | | |
|---|---|---|---|---|
| 5 | V | റോഡുവിള | 111 | 21 |
| 6 | VI | അഞ്ചൂറ്റിനാല് | 28 | 03 |
| 7 | VII | ആലുമ്മൂട് | 64 | 03 |
| 8 | VIII | മോട്ടോർകുന്ന് | 80 | 12 |
| 9 | IX | ആക്കൽ | 49 | 07 |
| 10 | X | ആറ്റൂർക്കോണം | 33 | 05 |
| 11 | XI | പുതുശ്ശേരി | 51 | 03 |
| 12 | XII | കരിങ്ങന്നൂർ | 187 | 26 |
| 13 | XIII | ഉഗ്രംകുന്ന് | 103 | 14 |
| 14 | XIV | കാളവയൽ | 43 | 05 |
| 15 | XV | ഓയൂർ | 505 | 108 |
| 16 | XVI | വട്ടപ്പാറ | 55 | 09 |
| 17 | XVII | മീയ്യന | 83 | 12 |
| | | | 1787 | 285 |

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1787 കൊമേഴ്സ്യൽ ബിൽഡിംഗുകൾ നികുതി നൽകുന്നുണ്ടെങ്കിലും ഇവയിൽ പ്രവർത്തിക്കുന്ന കേവലം 285 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസുള്ളത്. ഓയൂർ വാർഡിൽ മാത്രം 505 ബിൽഡിംഗുകൾ ഉണ്ട്. ഇതിൽ കേവലം 108 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിന്റെ ഓയൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 28 കടമുറികളിൽ പ്രവർത്തിക്കുന്ന 14 സ്ഥാപനങ്ങളിൽ 6 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസുള്ളൂ എന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൊമേഴ്സ്യൽ ബിൽഡിംഗ് ആണെങ്കിലും പലതും വ്യാപാര സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ലെന്നും മറ്റുചിലതിൽ വാടകച്ചീട്ട് ഉടമസ്ഥൻ വാടകക്കാരന് നൽകുന്നില്ലെന്ന കാരണത്താൽ ലൈസൻസ് എടുക്കാൻ കഴിയുന്നില്ലെന്നും ബാക്കി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്.

ലൈസൻസ് കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണ വകുപ്പിന്റെ കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 17/20.01.2020 |

## 1-14 തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204, 205 വകുപ്പുകൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ അല്ലെങ്കിൽ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്. എന്നാൽ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2018-2019 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

എ. തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2018-2019 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, വെളിനല്ലൂർ | I & II |
| 2. | കെ.പി.എം. ബി.എഡ് കോളേജ്, ചെറിയവെളിനല്ലൂർ, റോഡുവിള | I & II |
| 3. | കെ.പി.എം. എച്ച്.എസ്. (അൺ.എയ്ഡഡ്) ചെറിയവെളിനല്ലൂർ, റോഡുവിള | I & II |
| 4. | ഡി.ഡി.ആർ.സി.ഓയൂർ | II |
| 5. | പോപ്പുലർ ഫിനാൻസിയേഴ്സ്, ഓയൂർ | II |
| 6. | കെ.എസ്.ഇ.ബി, ഓയൂർ | I & II |
| 7. | മലബാർ ഫ്രഷ്, ഓയൂർ | I & II |
| 8. | സിറ്റി ടെക്സ്റ്റയിൽസ്, ഓയൂർ | I & II |
| 9. | തറവാട്ടിൽ ടെക്സ്റ്റയിൽസ്, ഓയൂർ | I & II |
| 10. | കോശി ടെക്സ്റ്റയിൽസ്, ഓയൂർ | I & II |
| 11. | മാർക്ക് ആർക്കിടെക്ചർ കോളേജ്, റോഡുവിള | I & II |
| 12. | ഇന്ത്യൻ ജ്വവലറി, ഓയൂർ | I & II |
| 13. | കൈരളി ഏജൻസീസ്, ഓയൂർ | I & II |
| 14. | ഓയൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 5, 6, 7, 15, 16, 17, 19, 20, 24 നം. കടമുറികളിൽ പ്രവർത്തിക്കുന്ന 6 സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി | I & II |

ബി. ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | കെ.പി.എം. ബി.എഡ് കോളേജ്, ചെറിയവെളിനല്ലൂർ, റോഡുവിള | I & II |
| 2. | കെ.പി.എം. എച്ച്.എസ്. (അൺ.എയ്ഡഡ് ) ചെറിയവെളിനല്ലൂർ, റോഡുവിള | I & II |
| 3. | മലബാർ ഫ്രഷ്, ഓയൂർ | I & II |
| 4. | സിറ്റി ടെക്സ്റ്റയിൽസ്, ഓയൂർ | I & II |
| 5. | തറവാട്ടിൽ ടെക്സ്റ്റയിൽസ്, ഓയൂർ | I & II |
| 6. | മാർക്ക് ആർക്കിടെക്ചർ കോളജ്, റോഡുവിള | I & II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കടയുടമകൾക്ക് നോട്ടീസ് നൽകി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 11/30.01.2020 |

## 1-15 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - പരിപാലനത്തിൽ ഗുരുതരമായ വീഴ്ച വകുപ്പ് തല നടപടികൾക്കു ശിപാർശ ചെയ്യുന്നു.

ഗ്രാമ പഞ്ചായത്തിലെ പ്രധാന ഷോപ്പിംഗ് കോംപ്ലക്സായ ഓയൂർ ഷോപ്പിംഗ് കോംപ്ലക്സ് 2017-2018 സാമ്പത്തിക വർഷത്തിലാണ് നിർമ്മാണം പൂർത്തീകരിച്ചത്. ഒന്നാം നിലയിലെ മുറികൾക്ക് 7,00,000 രൂപയും രണ്ടാം നിലയില മുറികൾക്ക് 3,00,000 രൂപയും ഡെപ്പോസിറ്റ് നിശ്ചയിച്ചാണ് വാടകയ്ക്ക് നൽകിയത്. എന്നാൽ കച്ചവടം കുറവാണെന്ന് കാണിച്ച് വാടകക്കാർ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി ഒന്നാം നിലയിലെ മുറികൾക്ക് 3,00,000 രൂപയും രണ്ടാം നിലയിലെ മുറികൾക്ക് 1,00,000 രൂപയുമായി ഡെപ്പോസിറ്റ് തുക കുറച്ചു നൽകി. ആദ്യം കൂടിയ നിരക്കിൽ ഈടാക്കിയ ഡെപ്പോസിറ്റ് തിരികെ നൽകുന്നതിലും കടമുറികളിലെ വാടക ഈടാക്കുന്നതിലും, ഷോപ്പിംഗ് കോംപ്ലക്സിന്റെ പരിപാലനത്തിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2017-2018 വർഷം റെന്റ് ഡെപ്പോസിറ്റ് ഇനത്തിൽ തുക കളക്ട് ചെയ്തത് രസീത് പ്രകാരം വരവ് വച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. (ഇത് 30.04.2019ലെ കെ.എസ്.എ.കെ.എൽ.എം.പി03/362/2019 ാംനമ്പർ 2017-2018 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 ആയി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.)
2. 2017-2018 വർഷം ഡെപ്പോസിറ്റായി ലഭിച്ച തുകകൾ തിരികെ കൊടുത്തിരിക്കുന്നു. ഈ വർഷം ഈ തുകകൾ തിരികെ കൊടുത്ത വേളയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ നൽകിയ രസീത് ഹാജരാക്കുകയോ രസീത് ഹാജരാക്കാത്തപക്ഷം ചമയ്ക്കേണ്ട എഗ്രിമെന്റ് ചമയ്ക്കുകയോ ഡെപ്പോസിറ്റ് രജിസ്റ്ററിൽ

രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിലും തിരികെ നൽകുന്നതിലും ശ്രദ്ധയിൽപ്പെട്ട അപാകതകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡെപ്പോസിറ്റ് ചെയ്ത വ്യക്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | തിരികെ നൽകിയ തുക | ചെക്ക് നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | അനസ്.എ.കമാൽ | 7,00,000 | 3,00,000 | 1445702/21.07.2018 | തുകകൾ തിരികെ നൽകിയ വേളയിൽ പഞ്ചായത്തിൽ നിന്നും തുക കൈപ്പറ്റിയപ്പോൾ നൽകിയ രസീത് തിരികെ വാങ്ങിയിട്ടില്ല. |
| 2 | ഉമ്മർകണ്ണ് | 7,00,000 | 3,00,000 | 1445702/21.07.2018 | |
| 3 | സനിൽ മുഹമ്മദ് | 7,00,000 | 3,00,000 | 1445702/21.07.2018 | |
| 4 | മുനീർ | 7,00,000 | 3,00,000 | 1445702/21.07.2018 | |
| 5 | അഫ്സൽ | 7,00,000 | 3,00,000 | 1445702/21.07.2018 | |
| 6 | ഫസലുദ്ദീൻ | 7,00,000 | 3,00,000 | 1445702/21.07.2018 | |
| 7 | സജീന ബീവി | 7,00,000 | 3,00,000 | 1445702/21.07.2018 | |
| 8. | ഹനസ് സലീം | 7,00,000 | 3,00,000 | 1445702/21.07.2018 | |
| 9. | അനൂബ് | 3,00,000 | 2,00,000 | 272345/07.07.2018 | |
| 10 | സന്തോഷ്.എം.കെ | 7,00,000 | 7,00,000 | 246575/16.05.2018 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ തുക തിരികെ നൽകിയതിന്റെ വിവരം രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. |
| 11 | സന്തോഷ്.എം.കെ | 3,50,000 | 3,50,000 | 246567/07.05.2018 | |
| 12 | റിയാസ് | 3,00,000 | 2,00,000 | ചെക്ക് നമ്പർ തീയതി ഇവ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ തിരികെ നൽകിയ തുക 20,000 (ഇരുപതിനായിരം രൂപ) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. | |
| 13 | എസ്.സാദിക്ക് | 50,000 | 50,000 | 367640/22.01.2019 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 14 | അയൂബ് ഖാൻ | - | 30,880 | 636029/29.03.2018 | ഡെപപോസിറ്റ് ചെയ്ത തുക രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഡപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| **ആകെ** | | | 39,30,880 | | |

അതിനാൽ ഈ ഇനത്തിൽ ചെലവാക്കിയ തുക 39,30,880/- രൂപ തടസ്സപ്പെടുത്തുന്നു. ഡെപ്പോസിറ്റ് ഈടാക്കിയതിന്റെയും തിരികെ നൽകിയതിന്റെയും രേഖകൾ ഹാജരാക്കിയും രജിസ്റ്റർ കാലികമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

3. ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നതിൽ വീഴ്ച

2018-2019 വർഷത്തിൽ ചുവടെ ചേർക്കുന്ന തുക കുടിശിക ഇനത്തിൽ പിരിച്ചെടുക്കാൻ ശേഷിക്കുന്നു.

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്കാരന്റെ പേര് | 2017-2018 വാടക കുടിശിക | | 2018-2019 വാടക കുടിശിക | | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | വാടക | ജി.എസ്.ടി | വാടക | ജി.എസ്.ടി | |
| 1 | 1/1659 | നിയാസ്സലീം | - | - | 57,000 | 10,260 | |
| 2 | 3/1661 | രത്നഭായി | - | - | 75600 | 13,608 | എഗ്രിമെന്റ് ചമച്ചിട്ടില്ല. ലൈസൻസ് എടുത്തിട്ടില്ല. |
| 3 | 4/1662 | അനു. എ. കമാൽ | - | - | 78,360 | 14,112 | |
| 4 | 14/1672 | ഹനസ് സലീം | - | - | 78,360 | 14,112 | |
| 5 | 20/1678 | ശ്രീ. ബാസ് ഖാൻ | 33600 + 3808 | 6048 | 14,000 | 2520 | ലൈസൻസ് എടുത്തിട്ടില്ല. |
| 6 | 23/1681 | ശ്രീ. മുഹമ്മദ് ഷാജു | 51600 + 2354 | 9288 | 51600 | 9288 | ലൈസൻസ് എടുത്തിട്ടില്ല. |
| 7 | 26/1684 | നസീല ബിവി | - | - | 27,600 | 4968 | എഗ്രിമെന്റ് ചമച്ചിട്ടില്ല. ലൈസൻസ് എടുത്തിട്ടില്ല. |
| 8 | 28/1686 | സലീന | - | - | 24,600 | 4752 | എഗ്രിമെന്റ് ചമച്ചിട്ടില്ല. |

4. 31.01.2020 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാഥമിക പരിശോധനയിൽ കടമുറികളിൽ ലേലം കൊണ്ട വ്യക്തികളിൽ കടമുറിയുയെ ക്രമനമ്പർ 5, 6, 7, 8, 9, 12, 15, 16, 17, 19, 20, 24, 25 ഒഴികെയുള്ള കടമുറികളിൽ കടമുറി ലേലം കൊണ്ട വ്യക്തികൾ അല്ല കച്ചവടത്തിലേർപ്പെട്ടിരിക്കുന്നത് എന്നു ബോധ്യപ്പെട്ടു.

5. മുറികൾ ലേലം കൊണ്ട വ്യക്തികളിൽ ക്രമനമ്പർ 5, 6, 7, 15, 16, 17, 19, 20, 24 എന്നീ കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് ഉള്ളതായി കാണുന്നുള്ളൂ. ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

6. ഷോപ്പിംഗ്കോംപ്ലക്സിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമായുള്ള ശുചിമുറി, പാർക്കിംഗ് ഏരിയ മുതലായവ ഷട്ടറിട്ട് പൂട്ടിയിരിക്കുകയാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/3.2.2020) ന് ആർ.ടി.ജി.എസ് വഴിയാണ് തുക ഈടാക്കിയതെന്നും ഡെപ്പോസിറ്റ് രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ലേലം കൊണ്ട വ്യക്തികൾ തന്നെ കച്ചവടം നടത്തുന്നതിനും ലൈസൻസ് ഫീ

ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഭരണ വകുപ്പിനെ ചുമതലപ്പെടുത്തുന്നു. ലൈസൻസ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 13/03.02.2020 |

## 1-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1, ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് സാമ്പത്തിക വർഷത്തിൽ അധികം നിക്ഷേപകൻ അവകാശമുന്നയിക്കാത്ത ഡെപ്പോസിറ്റുകൾ എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം സർക്കാർ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. 2014-15 മുതൽ ഉള്ള നിക്ഷേപങ്ങൾ നിലവിലും തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ ശേഷിക്കുന്നു. ഡെപ്പോസിറ്റിന്റെ വർഷം തിരിച്ചുള്ള വിശകലനം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | ഡെപ്പോസിറ്റ് ചെയ്തയാൾ | ഇനം | തീയതി | തുക |
|---|---|---|---|---|
| 1 | അൽ അമീൻ ട്രേഡിംഗ് സെന്റർ | നിരത ദ്രവ്യം | 17.09.2014 | 2500. |
| 2 | ശ്രീ.സി.വി.ഏംഗത്സ് | സി.എഫ്.സി മെയിന്റനൻസ് | 18.09.2014 | 16250 |
| 3 | ശ്രീ.സി.വി.ഏംഗത്സ് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 18.09.2014 | 5000 |
| 4 | ശ്രീമതി.സുജാത | നിരത ദ്രവ്യം | 29.12.2014 | 2500 |
| 5 | ശ്രീ.ബാബു | നിരത ദ്രവ്യം | 29.12.2014 | 2500 |
| 6. | ശ്രീ.രാജശേഖരൻ നായർ | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 24.02.2014 | 10926 |
| 7. | ശ്രീ.എം.വി.പ്രതാപൻ | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 24.02.2014 | 5113 |
| 8. | ശ്രീ.സൂധീർ | മാർക്കറ്റ് ലേലം | 16.03.2015 | 5000 |
| 9. | ശ്രീ.കെ.എസ്.സുഗതൻ | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 30.03.2016 | 16139 |
| 10. | ശ്രീ.എം.കെ.സന്തോഷ് | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 18.03.2016 | 7791 |
| 11. | ശ്രീ.എം.കെ.സന്തോഷ് | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 18.03.2016 | 3764 |
| 12. | ശ്രീ.സുധീർ | നിരത ദ്രവ്യം | 05.03.2016 | 5000 |
| 13 | ശ്രീ.നജ്ജുമുദ്ദീൻ | നിരത ദ്രവ്യം | 05.03.2016 | 50000 |
| 14. | ശ്രീ.നജ്ജുമുദ്ദീൻ | നിരത ദ്രവ്യം | 05.03.2016 | 10000 |
| 15 | ശ്രീ.നജ്ജുമുദ്ദീൻ | നിരത ദ്രവ്യം | 05.03.2016 | 10000 |
| 16 | ശ്രീ.സുധീർ | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 05.03.2016 | 200 |
| ആകെ | | | | 1,52,683 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. ഈ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| എൻക്വയറി നമ്പർ | 17/31.01.2019 |

## 1-17 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തിയ്ക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

<table>
<tr><th>ക്രമ നം.</th><th colspan="2">പ്രോജക്ടിന്റെ വിശദാംശം</th><th>ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.)</th><th>ബാരലുകളുടെ എണ്ണം</th><th>ഈടാക്കേണ്ട വില (ജി.എസ്.ടി. ഉൾപ്പടെ)</th></tr>
<tr><td rowspan="9">1.</td><td>പ്രോജക്ട് നം.</td><td>37/19</td><td rowspan="9">1694+162</td><td rowspan="9">12</td><td rowspan="9">3372</td></tr>
<tr><td>പ്രവൃത്തിയുടെ പേര്</td><td>ചേരൂർ ജംഗ്ഷൻ- ചേരൂർ മുസ്ലീം പള്ളിറോഡ്റീടാറിംഗ്</td></tr>
<tr><td>അടങ്കൽ</td><td>2,15,000/-</td></tr>
<tr><td>ഫണ്ടിനം</td><td>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)</td></tr>
<tr><td>കരാർ നം.</td><td>5/എ.ഇ./18-19/18.6.2018</td></tr>
<tr><td>കരാറുകാരൻ</td><td>ശ്രീ.നജിമുദീൻ (8% കുറവ്)</td></tr>
<tr><td>എം.ബുക്ക്നം.</td><td>72/15-16</td></tr>
<tr><td>ചെലവ്</td><td>1,97,609/-രൂപ</td></tr>
<tr><td>ബിൽ നം.</td><td>10/17.10.2018</td></tr>
</table>

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ബാരലിന്റെ വില ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം ബാരലിന്റെ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.1/28.1.2020

## 1-18 ഭവന നിർമ്മാണം (ജനറൽ) പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം /പേര് | എസ്.069/2019<br>ലൈഫ് മിഷൻ -ഭവനനിർമ്മാണം<br>-ജനറൽ |
| അടങ്കൽ തുക | 5,84,00,000/-<br>വികസനഫണ്ട് - 38,11,600/-<br>ബ്ലോക്ക് പഞ്ചായത്ത് -13,99,620/-<br>ജില്ലാപഞ്ചായത്ത്- 8,89,691/-<br>ലോൺ- 5,22,99,089/- |
| ചെലവഴിച്ച തുക | 2,09,60,000/-<br>വികസനഫണ്ട് - 38,00,000/-<br>ബ്ലോക്ക് പഞ്ചായത്ത്- 13,95,000/-<br>ജില്ലാപഞ്ചായത്ത്- 8,85,000/-<br>ലോൺ- 1,48,80,000/- |

ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി കരാറിലേർപ്പെട്ട് രണ്ടു ഗഡുക്കൾ കൈപ്പറ്റിയെങ്കിലും നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടു .വിശദവിവരം ചുവടെ ചേർക്കുന്നു;

| ക്രമ നം | പേര് | കൈപ്പറ്റിയ തുക | ഭവനനിർമ്മാണത്തിന്റെ തൽസ്ഥിതി |
|---|---|---|---|
| 1 | സുൽഫത്ത്,<br>ചരുവിള പുത്തൻവീട്,<br>നെട്ടയം. അമ്പലംകുന്ന് | 40000/-<br>(ബിൽ നം.6/18-19/<br>7.9.18) | ഭവനനിർമ്മാണം നാളിതു<br>വരെ പൂർത്തീകരിച്ചിട്ടില്ല |
| | | 160000/-(30.3.19/<br>HUDCO loan) | |
| 2 | നജിയ എൻ,<br>പ്ലാവിളവീട്, പെരുപുരം,<br>മീയന(പി ഒ) | 40000/-<br>(ബിൽ നം.5/18-19/<br>30.8.18 | ഭവനനിർമ്മാണം നാളിതു<br>വരെ പൂർത്തീകരിച്ചിട്ടില്ല |
| | | 160000/-(7.1.19/<br>HUDCO loan) | |

മേൽ വ്യക്തികളെക്കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.
എൻക്വയറി നം. – 8/1.2.2020

## 1-19 ഭക്ഷണ വിതരണത്തിലൊതുങ്ങുന്ന വെളിനല്ലൂർ ഫെസ്റ്റ് &

## പുഷ്പ, ഫല, സസ്യ പ്രദർശനം.

2018-19 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനതു ഫണ്ടിൽ നിന്നും 1,41,246/-രൂപ വകയിരുത്തി വെളിനല്ലൂർ ഫെസ്റ്റ് നടപ്പാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതിയായിരുന്ന വെളിനല്ലൂർ ഫെസ്റ്റ് & പുഷ്പ, ഫല, സസ്യ പ്രദർശനം. പദ്ധതിക്കായി 5825/-രൂപ (ചെക്ക് നം. 0437654/29.2.19) മാത്രമാണ് ചെലവഴിച്ചത്. ഓമല്ലൂർ വയൽ വാണിഭ സംഘത്തിന്റെ ദീപശിഖാ പ്രയാണത്തെ വെളിനല്ലൂർ പഞ്ചായത്തിൽ വരവേറ്റപ്പോൾ പ്രഭാത ഭക്ഷണം നൽകിയതിന് ചെലവായതാണ് ഈ തുക. പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമായ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന് സമീപസ്ഥ പഞ്ചായത്തുകൾക്കും കൊല്ലം ജില്ലയ്ക്കു തന്നെയും മാതൃകയാകും വിധം നടത്താമായിരുന്ന ഒരു ഫെസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് മതിയായ പ്രാതിനിധ്യമില്ലാതെ അപ്രസക്തവും ഏറെയൊന്നും അറിയപ്പെടാതെയും പോകുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. വരും വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ സജീവ പങ്കാളിത്തത്തോടെ നടപ്പാക്കാൻ വേണ്ട നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-20 പഠനമുറി, ഒരു ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പദ്ധതി - എസ്.0104/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ)
ഫണ്ടിനം - വികസനഫണ്ട് (എസ്.സി.പി)
അടങ്കൽ - 2,80,000/-രൂപ
ചെലവ് - 1,20,000/-രൂപ ( ബിൽ നം.1/18-19, 60,000/-, 29.9.2018 & ബിൽനം. 3/18-19, 60,000/- , 28.9.2018)
നിർവ്വഹണം - അസിസ്റ്റൻറ് സെക്രട്ടറി .

2017-18 ൽ 40,000/-രൂപ വീതം കൈപ്പറ്റിയ മൂന്ന് ഗുണഭോക്താക്കളിൽ മിനി.കെ, സിന്ധു.എൻ എന്നിവർ പണി പൂർത്തിയാക്കി വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിലും ഷീല. ആർ, അരുൺ ഭവൻ, മുകളുവിള എന്ന ഗുണഭോക്താവ് പണി പൂർത്തിയാക്കിയിട്ടില്ല. ഈ ഗുണഭോക്താവിനെക്കൊണ്ട് പണി പൂർത്തിയാക്കിപ്പിച്ച് ബാക്കി തുക നൽകുകയോ അല്ലാത്ത പക്ഷം മുൻകൂർ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ജി.ഒ.(എം.എസ്)നം.22/2018.ത.സ്വ.ഭ.വ 14.2.2018 പ്രകാരം പദ്ധതി സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തിയാക്കേണ്ടതുണ്ട്. അതിനാൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 16/3.2.2020

## 1-21 എസ്.എസ്.എ- നടപ്പാക്കിയ പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമല്ല.

| | |
|---|---|
| പദ്ധതി | 1. എസ്.എസ്.എ വിഹിതം (വികസനഫണ്ട്-ജനറൽ) |
| അടങ്കൽ | 8,50,000/- രൂപ |
| | |

| | |
|---|---|
| ചെലവ് | (ബിൽനം.1/18-19, 8,50,000/-രൂപ) |
| പദ്ധതി | 2. എസ്.എസ്.എ വിഹിതം (വികസനഫണ്ട്-എസ്.സി.പി) |
| അടങ്കൽ | 2,50,000/-രൂപ |
| ചെലവ് | ബിൽനം.2/18-19, 2,50,000/-രൂപ |

രണ്ട് പദ്ധതികൾക്കുമായി ഒരു വിനിയോഗ സാക്ഷ്യപത്രമാണ് എസ്.എസ്.എ യിൽ നിന്നും ലഭ്യമായത്. അതിനാൽ തന്നെ എസ്.സി.പി വിഭാഗത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പാക്കിയെന്ന് വിനിയോഗ സാക്ഷ്യപത്രത്തിൽ നിന്നും മനസ്സിലാക്കാൻ കഴിയില്ല. കൂടാതെ പെൺകുട്ടികൾക്കായുള്ള സ്വയം പ്രതിരോധ പരിശീലനം, കുടിവെള്ള സൗകര്യം, ഇന്നൊവേറ്റീവ് പ്രവർത്തനങ്ങൾ എന്നിങ്ങനെ പല പ്രവൃത്തികളും നടപ്പാക്കിയതിന് തുക ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയെല്ലാം ഏതൊക്കെ സ്കൂളുകളിൽ നടപ്പാക്കിയെന്നതിന് യാതൊരു രേഖകളും ലഭ്യമല്ല. വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി എസ്.എസ്.എ ഫണ്ട് വിനിയോഗം സംബന്ധിച്ച് കാര്യക്ഷമമായ നിരീക്ഷണം നടത്തേണ്ടുന്നതിന്റെ ആവശ്യകതയാണ് ഈ സാഹചര്യം വ്യക്തമാക്കുന്നത്. ടി വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 പാലിയേറ്റീവ് കെയർ - മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ തുക നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| പദ്ധതി നമ്പർ, പേര് | എസ്.73/2018-2019<br>പാലിയേറ്റീവ് കെയർ | |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) | |
| ബിൽ നമ്പർ/തുക | 02/2018-2019 /30.11.2018 | 2,08,961<br>(മെഡിസിൻ തുക – 1,41,221) |
| | 04/2018-2019 /28.03.2019 | 1,20,258<br>(മെഡിസിൻ തുക –72,638) |

02/2018-2019 /30.11.2018 ൽ പിൻവലിച്ച തുകയിൽ നിന്നും പി.ആർ.എഫ്-1862/04.10.2018 നം. ഇൻവോയിസ് പ്രകാരം 1,41,221 രൂപയും ബിൽ നമ്പർ 04/2018-2019 /28.03.2019 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും പി.ആർ.എഫ്-5541/22.03.2019 നം. ഇൻവോയിസ് പ്രകാരം 72,638 രൂപയും മരുന്ന വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പി.ആർ.എഫ് നമ്പർ തുക | ലഭ്യമായ മരുന്ന് | | ശേഷിക്കുന്ന തുക |
|---|---|---|---|---|
| | | ഇൻവോയ്സ് നമ്പർ | തുക | |
| 1. | 1862/24.10.2018- തുക1,41,221/- | 1249/30.04.2019 | 2144 | 19,651.00 |
| | | 439/30.04.2019 | 35597 | |
| | | 2750/27.05.2019 | 15187 | |
| | | 4019/06.07.2019 | 16569 | |
| | | 4747/31.07.2019 | 14816 | |
| | | 4756/31.07.2019 | 31222 | |
| | | 8059/11.11.2019 | 3979 | |
| | | 8681/19.11.2019 | 2076 | |
| 2. | 5541/28.03.2019– തുക72,638/- | ലഭ്യമായിട്ടില്ല. | | 72,638.00 |
| | | | | 92,269.00 |

ലഭ്യമായ മരുന്നുകളുടെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മരുന്നുകളുടെ വിവരം ഹാജരാക്കിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-23 തെരുവ് വിളക്ക് -അറ്റകുറ്റപണികൾക്കായി വാങ്ങുന്ന ഉപകരണങ്ങൾക്ക് കൃത്യമായ കണക്കില്ല

2018-19 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ രണ്ട് സ്പിൽ ഓവർ പദ്ധതികളാണ് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി നടപ്പാക്കിയത്. എസ്.0105/19- തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി എന്ന പദ്ധതിയ്ക്കായി ധനകാര്യകമ്മീഷൻ ഗ്രാൻറിൽ നിന്നും വകയിരുത്തിയ 5,01400/-രൂപയിൽ 111895/-രൂപയും (ബിൽ നം. 18/18-19, 21.2.2019), എസ്.0152/19-തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയ്ക്കായി തനതു ഫണ്ടിൽ നിന്നും വകയിരുത്തിയ 4,50,000/-രൂപയിൽ 3,72,646/-രൂപയും (ചെക്ക് നം.367616/4.1.19) ചെലവഴിച്ചിട്ടുണ്ട്. രണ്ട് പദ്ധതികളിലുമായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കൊച്ചുമേലതിൽ ഏജൻസീസിൽ നിന്നും 2325 എണ്ണം 15w എൽ.ഇ.ഡി ബൾബുകളും അലുമിനിയം വയർ, പെൻഡൻറ് ഹോൾഡർ, ഇൻസുലേഷൻ ടേപ്പ് എന്നിവയും വാങ്ങിയിട്ടുണ്ട് . ഓഡിറ്റിന് ലഭ്യമാക്കിയ 2018-19 വർഷം മാത്രം എഴുതിതുടങ്ങിയ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ ലഭ്യമായ 2325 എണ്ണം 15w എൽ.ഇ.ഡി ബൾബുകളിൽ 1571 എണ്ണം 31.3.2019 വരെ വിതരണം

ചെയ്തിട്ടുണ്ട്. എന്നാൽ എസ്.0086/19-തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ഇലക്ട്രീഷ്യനെ നിയമിക്കൽ (നിർവ്വഹണം -സെക്രട്ടറി, അടങ്കൽ-5 ലക്ഷം രൂപ, തനതു ഫണ്ട്, ചെലവ്-104005/-രൂപ, ചെക്ക് നം.368216, 20.2.2019) എന്ന പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ഇലക്ട്രീഷ്യനായ ശ്രീമാൻ സഞ്ജു എത്രയെണ്ണം കൈപ്പറ്റിയെന്നത് സംബന്ധിച്ച് കൃത്യമായ രേഖയില്ല. കരാറുകാരൻ നൽകിയ കണക്കു പ്രകാരം 1183 പോസ്റ്റുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയതായി പറയുന്നെണ്ടെങ്കിലും എത്ര ബൾബുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗിച്ചെന്നും വ്യക്തമല്ല. രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ്, പരാതി രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. അറ്റകുറ്റപ്പണി സംബന്ധമായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമേ ലഭ്യമായിട്ടുള്ളൂ. കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷൻ നടക്കുന്നതായുള്ള രേഖകളും ലഭ്യമായിട്ടില്ല. കൂടാതെ മുൻ വർഷങ്ങളിൽ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുന്നിരിപ്പ് എത്രയെന്നും അറിയാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതിനാൽ ആവശ്യകത അനുസരിച്ചാണോ തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതെന്നും വിതരണം നടത്തിയിട്ടുള്ളതെന്നും ഉറപ്പിക്കാൻ സാധിച്ചിട്ടില്ല. ശരിയായ ആവശ്യകത ഉറപ്പുവരുത്തിയ ശേഷം മാത്രം തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നത് അനാവശ്യ ചെലവുകൾ കുറയ്ക്കാനുപകരിക്കും.
ഓഡിറ്റ് എൻക്വയറി നം. 10/1.2.2020

## 1-24 മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- 16610 രൂപ പിഴയായി ഈടാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചെങ്കൂർ മുണ്ടപ്പള്ളിക്കോണം ചെറുവക്കൽ ഏലാ റോഡ് മെയിന്റനൻസ്, മുളമൂക്ക് കല്ലുവിളപാലം പെരുപുറം റോഡ് മെയിന്റനൻസ് എന്നീ പ്രവൃത്തികൾക്കായി ഫൈനൽ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 31.3.2018-ന് കരാർവെച്ച് സൈറ്റ് കൈമാറിയ ടി പ്രവൃത്തികൾ 30.6.2018-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് യഥാക്രമം 20.12.2018, 12.11.2018 എന്നീ തീയതികളിൽ ആണ്. കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ(2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം കരാറുകാരനായ ശ്രീ. ഷറഫുദ്ദീൻ കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ടിയാനിൽ നിന്നും ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

(1) പ്രോജക്റ്റ് നം. : 120/19(സ്പിൽ ഓവർ)

| | |
|---|---|
| പ്രവൃത്തിയുടെ പേര്: | ചെങ്ങൂർ മുണ്ടപ്പള്ളിക്കോണം ചെറുവക്കൽ ഏലാ റോഡ് മെയിന്റനൻസ് |
| അടങ്കൽ | 4,00,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| കരാർ നം. | 36/എ.ഇ./17-18/31.3.2018 |
| കരാറുകാരൻ | ശ്രീ ഷറഫുദ്ദീൻ.(0.5% കുറവ്) |
| എം.ബുക്ക് നം. | 8/18-19 |
| ചെലവ് | 3,97,264/-രൂപ |
| ബിൽ നം. | 27/31.12.2018 |

| | | |
|---|---|---|
| പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ | 31.6.2018മുതൽ 20.12.2018 വരെ | 22 |
| ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് | 3,97,264 x 0.1% x 22 | 8,740/- രൂപ. |

(2) പ്രോജക്റ്റ് നം. : 121/19(സ്പിൽ ഓവർ)

| | |
|---|---|
| പ്രവൃത്തിയുടെപേര്: | മുളമുക്ക് കല്ലുവിളപാലം പെരുപുറം റോഡ് മെയിന്റനൻസ് |
| അടങ്കൽ | 4,37,200/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)=4,37,153/-<br>തനതുഫണ്ട് = 47/- |
| കരാർ നം. | 35/എ.ഇ./17-18/31.3.2018 |
| കരാറുകാരൻ | ശ്രീ ഷറഫുദ്ദീൻ.(0.01% കുറവ്) |
| എം.ബുക്ക് നം. | 2/18-19 |
| ചെലവ് | 4,36,925/-രൂപ |
| ബിൽ നം. | 20/22.12.2018 |

| | | |
|---|---|---|
| പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ | 31.6.2018മുതൽ 12.11.2018 വരെ | 18ദിവസം |

| | | |
|---|---|---|
| ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് | 4,37,200 x 0.1% x 18 | 7,870/- രൂപ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുള്ളതായി അറിയിച്ചു. എന്നാൽ നിയമാനുസൃതം കരാർ കാലാവധി നീട്ടി നൽകിയിട്ടില്ലാത്തതിനാലും സപ്ലിമെന്ററി എഗ്രിമെന്റിൽ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാൻ കഴിയില്ല. മേൽ സൂചിപ്പിച്ച പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 2/28.1.2020, 5/30.1.2020. |

## 1-25 സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ചു -ഓഡിറ്റിൽ അംഗീകരിക്കാത്ത തുക 3450/-രൂപ

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.0141/19- പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ (സ്പിൽ ഓവർ) എന്ന പദ്ധതിയിൽ ആകെ അടങ്കൽ തുകയായ 1,00,000/-രൂപയുടെ 5% (5,000രൂപ) ഗുണഭോക്തൃവിഹിതമായി സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.22/2018,ത.സ്വ.ഭ.വ, തീയതി. 14.2.2018 ) യിൽ നിഷ്കർഷിക്കുംവിധം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ വാദ്യോപകരണങ്ങൾ വാങ്ങിയ റിലവൻറ് മ്യൂസിക്കൽസ് & സ്പോർട്ടസ് എന്ന സ്ഥാപനത്തിന്റെ 24.9.2018 ലെ 003 നമ്പർ ബിൽ പ്രകാരമുള്ള ആകെ തുകയായ 69000/- രൂപയും വികസനഫണ്ട് (scp) യിൽ നിന്നും (ബിൽ നം. 4/18-19, 69,000/-രൂപ) പിൻവലിച്ച് നൽകിയിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5% ഗുണഭോക്തൃ വിഹിതമായ 3450/-രൂപ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് അധികമായി വികസന ഫണ്ടിൽ നിന്നും നൽകിയ 3450/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക പദ്ധതിയുടെ ഗുണഭോക്താക്കളായ സംഗീത് ഗ്രൂപ്പിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. പരിശോധനക്കു ലഭ്യമാക്കിയ ഫയലിൽ ആപ്സ് ഇന്ററാക്റ്റീവ് ടെക്നോളജീസ്, റെലവൻറ് സ്കൂൾ ഓഫ് മ്യൂസിക്ക് എന്നീ സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളതായി കാണുന്നു.

ഇതിൽ ആപ്സ് ഇന്ററാക്റ്റീവ് ടെക്നോളജീസ് ചെണ്ട, വീക്ക് ചെണ്ട എന്നിവയ്ക്ക് 6930/- രൂപയുടേയും 9450/-രൂപയുടേയും രണ്ട് നിരക്കുകളും ഇലത്താളത്തിന് 2500/-രൂപയും ക്വാട്ട് ചെയ്തപ്പോൾ റിലവൻറ് സ്കൂൾ ഓഫ് മ്യൂസിക്ക് ചെണ്ട (3 എണ്ണം), വീക്ക് ചെണ്ട (2 എണ്ണം) എന്നിവയ്ക്ക് 9,000/-രൂപ വീതവും ഇലത്താളത്തിന് (12 എണ്ണം) 2000/- രൂപയുമാണ് ക്വാട്ട് ചെയ്തത്. 21.9.2017, 13.11.2017, 18.11.2017 എന്നീ തീയതികളിലെ കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം റെലവൻറ് സ്കൂൾ ഓഫ് മ്യൂസിക്കിന്റെ വാദ്യോപകരണങ്ങൾക്ക് വില കുറവും ഗുണമേന്മ കൂടുതലുമായതിനാൽ റെലവൻറ് സ്കൂൾ ഓഫ് മ്യൂസിക്കിനെ

തെരഞ്ഞെടുക്കുകയായിരുന്നു. എന്നാൽ ആപ്പ് ഇന്ററാക്റ്റീവ് ടെക്നോളജീസിന്റെ വാദ്യോപകരണങ്ങളുടെ ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ യാതൊന്നും ലഭ്യമാക്കിയില്ല. റെലവൻറ് സ്കൂൾ ഓഫ് മ്യൂസിക്കിന്റെ വാദ്യോപകരണങ്ങളുടെ ഗുണമേന്മ കേരള കലാമണ്ഡലത്തിലെ ഒരു വിദ്യാർത്ഥിയെക്കൊണ്ട് പരിശോധിപ്പിച്ചതിന്റെ സാക്ഷ്യപത്രം ഫയലിലുണ്ട് . മതിയായ കാരണങ്ങളില്ലാതെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആപ്പ് ഇന്ററാക്റ്റീവ് ടെക്നോളജീസിന്റെ ടെണ്ടർ നിരസിച്ച നടപടി അംഗീകരിക്കാനാകില്ല. അതിനാൽ ഈയിനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 69,000/-രൂപ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 6/ 31.1.2020 |

## 1-26 എ.ബി.സി പദ്ധതി- നടപ്പാക്കിയില്ല

2018-19 വർഷം തനതു ഫണ്ടിൽ നിന്നും 2,50,000/-രൂപ വകയിരുത്തി വെറ്റിനറി സർജൻ വിഭാവനം ചെയ്ത പദ്ധതിയായിരുന്നു എസ്.0014/19-എ.ബി.സി പദ്ധതി . സമീപകാലത്ത് ഏറെ പ്രാധാന്യം നേടിയ ആരോഗ്യ /സാമൂഹിക പ്രശ്നങ്ങളിലൊന്നായ തെരുവ് നായ്ക്കളുടെ എണ്ണത്തിലെ ക്രമാതീതമായ വർദ്ധനയെ അർഹിക്കുന്ന ഗൗരവത്തോടെ അധികൃതർ പരിഗണിച്ചില്ലായെന്ന് പദ്ധതി നടപ്പാക്കാതിരുന്നതിലൂടെ വ്യക്തമാകുന്നു. ഓഡിറ്റ് എൻക്വയറി (നം.18/3.2.2020 )ക്കു ലഭ്യമാക്കിയ മറുപടിയിൽ ഓപ്പറേഷൻ തീയേറ്ററും അനുബന്ധസൗകര്യങ്ങളും ഇല്ലാത്തതാണ് 2015-16 മുതൽ എ.ബി.സി പദ്ധതി നടപ്പാക്കുന്നതിന് വിഘാതമായതെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൊല്ലം ജില്ലയിലെ മിക്ക പഞ്ചായത്തുകളും സമാനമായ പ്രശ്നം നേരിടുന്നെണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിൽ നിന്നും പിന്നോക്കം പോയിട്ടില്ലായെന്നത് ഈയവസരത്തിൽ ശ്രദ്ധേയമാണ്. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും ഭീഷണിയുയർത്തുന്ന തെരുവ് നായ്ക്കളുടെ ക്രമാതീതമായ എണ്ണം നിയന്ത്രിക്കുന്നതിൽ 2015-16 മുതൽ പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിക്കാതിരുന്നത് ഗുരുതര വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എ.ബി.സി റൂൾസ് അനുസരിച്ച് മറ്റ് പഞ്ചായത്തുകൾ പടിപടിയായി തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിൽ ഏറെ മുന്നിലായ ഈയവസരത്തിൽ വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് എങ്ങുമെത്തിയില്ലായെന്നത് ഗൗരവമർഹിക്കുന്ന വിഷയമാണ്. 2018-19 വർഷം മൃഗാശുപത്രിയോടനുബന്ധിച്ച് ഓപ്പറേഷൻ തീയേറ്ററും അനുബന്ധസൗകര്യങ്ങളും ഒരുക്കിയെന്ന മറുപടി പ്രത്യാശ നൽകുന്നു.

## 1-27 മഴക്കാല പൂർവ്വശുചീകരണം നിർവ്വഹണ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

വൗച്ചർ നമ്പർ 21800201/05.06.2018 പ്രകാരം ആരോഗ്യ ജാഗ്രത വാർഡ്തല ശുചിത്വ സമിതിയ്ക്ക് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 1,70,000 രൂപ ചെക്ക് നമ്പർ 67663/

05.06.2018 പ്രകാരം മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഇത് 17 വാർഡ്തല കൺവീനർ /വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റി അക്കൗണ്ടിലേക്ക് 10,000 രൂപ വീതമായി ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിയിരിക്കുന്നു. എന്നാൽ ഈ തുകകളുടെ ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവായ 1,70,000 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 20/23.01.2020 |
| തടസ്സപ്പെടുത്തിയ തുക | 1,70,000 |

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തിയ്ക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (ജി.എസ്.ടി. ഉൾപ്പടെ) |
|---|---|---|---|---|---|
| 1. | പ്രോജക്റ്റ് നം. | 37/19 | 1694+162 | 12 | 3372 |
| | പ്രവൃത്തിയുടെ പേര് | ചേരൂർ ജംഗ്ഷൻ- ചേരൂർ മുസ്ലീം പള്ളിറോഡ്റീടാറിംഗ് | | | |
| | അടങ്കൽ | 2,15,000/- | | | |
| | ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | | |
| | കരാർ നം. | 5/എ.ഇ./18-19/18.6.2018 | | | |
| | കരാറുകാരൻ | ശ്രീ.നജിമുദീൻ (8% കുറവ്) | | | |
| | എം.ബുക്ക്നം. | 72/15-16 | | | |
| | ചെലവ് | 1,97,609/-രൂപ | | | |
| | ബിൽ നം. | 10/17.10.2018 | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ബാരലിന്റെ വില ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരം ബാരലിന്റെ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.1/28.1.2020

## 3-2 മരാമത്ത് പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- 16610 രൂപ പിഴയായി ഈടാക്കിയില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചെങ്കൂർ മുണ്ടപ്പള്ളിക്കോണം ചെറുവക്കൽ ഏലാ റോഡ് മെയിന്റനൻസ്, മുളമുക്ക് കല്ലുവിളപാലം പെരുപുറം റോഡ് മെയിന്റനൻസ് എന്നീ പ്രവൃത്തികൾക്കായി ഫൈനൽ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. 31.3.2018-ന് കരാർവെച്ച് സൈറ്റ് കൈമാറിയ ടി പ്രവൃത്തികൾ 30.6.2018-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് യഥാക്രമം 20.12.2018, 12.11.2018 എന്നീ തീയതികളിൽ ആണ്. കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ(2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം കരാറുകാരനായ ശ്രീ. ഷറഫുദ്ദീൻ കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ടിയാനിൽ നിന്നും ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

(1) പ്രോജക്റ്റ് നം. : 120/19(സ്പിൽ ഓവർ)

| | |
|---|---|
| പ്രവൃത്തിയുടെ പേര്: | ചെങ്കൂർ മുണ്ടപ്പള്ളിക്കോണം ചെറുവക്കൽ ഏലാ റോഡ് മെയിന്റനൻസ് |
| അടങ്കൽ | 4,00,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| കരാർ നം. | 36/എ.ഇ./17-18/31.3.2018 |
| കരാറുകാരൻ | ശ്രീ ഷറഫുദ്ദീൻ.(0.5% കുറവ്) |
| എം.ബുക്ക് നം. | 8/18-19 |
| ചെലവ് | 3,97,264/-രൂപ |
| ബിൽ നം. | 27/31.12.2018 |

| | | |
|---|---|---|
| പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ | 31.6.2018മുതൽ 20.12.2018 വരെ | 22 |
| ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് | 3,97,264 x 0.1% x 22 | 8,740/- രൂപ. |

(2) പ്രോജക്റ്റ് നം. : 121/19(സ്പിൽ ഓവർ)

| | |
|---|---|
| പ്രവൃത്തിയുടെപേര്: | മുളമുക്ക് കല്ലുവിളപാലം പെരുപുറം റോഡ് മെയിന്റനൻസ് |
| അടങ്കൽ | 4,37,200/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)=4,37,153/-<br>തനതുഫണ്ട് = 47/- |
| | |

| | |
|---|---|
| കരാർ നം. | 35/എ.ഇ./17-18/31.3.2018 |
| കരാറുകാരൻ | ശ്രീ ഷറഫുദ്ദീൻ.(0.01% കുറവ്) |
| എം.ബുക്ക് നം. | 2/18-19 |
| ചെലവ് | 4,36,925/-രൂപ |
| ബിൽ നം. | 20/22.12.2018 |

| | | |
|---|---|---|
| പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ | 31.6.2018മുതൽ 12.11.2018 വരെ | 18ദിവസം |
| ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് | 4,37,200 x 0.1% x 18 | 7,870/- രൂപ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുള്ളതായി അറിയിച്ചു. എന്നാൽ നിയമാനുസൃതം കരാർ കാലാവധി നീട്ടി നൽകിയിട്ടില്ലാത്തതിനാലും സപ്ലിമെന്ററി എഗ്രിമെന്റിൽ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാൻ കഴിയില്ല. മേൽ സൂചിപ്പിച്ച പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 2/28.1.2020, 5/30.1.2020. |

## 3-3 സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ചു -ഓഡിറ്റിൽ അംഗീകരിക്കാത്ത തുക 3450/-രൂപ

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.0141/19-പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ (സ്പിൽ ഓവർ) എന്ന പദ്ധതിയിൽ ആകെ അടങ്കൽ തുകയായ 1,00,000/-രൂപയുടെ 5% (5,000/-രൂപ) ഗുണഭോക്തൃവിഹിതമായി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018,ത.സ്വ.ഭ.വ, തീയതി.14.2.2018) യിൽ നിഷ്കർഷിക്കുംവിധം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ വാദ്യോപകരണങ്ങൾ വാങ്ങിയ റിലവന്റ് മ്യൂസിക്കൽസ് & സ്പോർട്ട്സ് എന്ന സ്ഥാപനത്തിന്റെ 24.9.2018 ലെ 003 നമ്പർ ബിൽ പ്രകാരമുള്ള ആകെ തുകയായ 69000/-രൂപയും വികസനഫണ്ട് (scp) യിൽ നിന്നും (ബിൽ നം. 4/18-19, 69,000/-രൂപ) പിൻവലിച്ച് നൽകിയിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 5% ഗുണഭോക്തൃ വിഹിതമായ 3450/-രൂപ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് അധികമായി വികസന ഫണ്ടിൽ നിന്നും നൽകിയ 3450/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക പദ്ധതിയുടെ ഗുണഭോക്താക്കളായ സംഗീത് ഗ്രൂപ്പിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. പരിശോധനക്ക ലഭ്യമാക്കിയ ഫയലിൽ ആപ്സ് ഇന്ററാക്റ്റീവ് ടെക്നോളജീസ്, റെലവന്റ് സ്കൂൾ ഓഫ് മ്യൂസിക്ക് എന്നീ സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളതായി കാണുന്നു.

ഇതിൽ ആപ്സ് ഇന്ററാക്റ്റീവ് ടെക്നോളജീസ് ചെണ്ട, വീക്ക് ചെണ്ട എന്നിവയ്ക്ക് 6930/-രൂപയുടേയും 9450/-രൂപയുടേയും രണ്ട് നിരക്കുകളും ഇലത്താളത്തിന് 2500/-രൂപയും

ക്വാട്ട് ചെയ്തപ്പോൾ റിലവൻറ് സ്കൂൾ ഓഫ് മ്യൂസിക്ക് ചെണ്ട (3 എണ്ണം), വീക്ക് ചെണ്ട (2 എണ്ണം) എന്നിവയ്ക്ക് 9,000/-രൂപ വീതവും ഇലത്താളത്തിന് (12 എണ്ണം) 2000/-രൂപയുമാണ് ക്വാട്ട് ചെയ്തത്. 21.9.2017, 13.11.2017, 18.11.2017 എന്നീ തീയതികളിലെ കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം റെലവൻറ് സ്കൂൾ ഓഫ് മ്യൂസിക്കിന്റെ വാദ്യോപകരണങ്ങൾക്ക് വില കുറവും ഗുണമേന്മ കൂടുതലുമായതിനാൽ റെലവൻറ് സ്കൂൾ ഓഫ് മ്യൂസിക്കിനെ തെരഞ്ഞെടുക്കുകയായിരുന്നു. എന്നാൽ ആപ്സ് ഇന്ററാക്റ്റീവ് ടെക്നോളജീസിന്റെ വാദ്യോപകരണങ്ങളുടെ ഗുണമേന്മ പരിശോധിച്ചതിന്റെ രേഖകൾ യാതൊന്നും ലഭ്യമാക്കിയില്ല. റെലവൻറ് സ്കൂൾ ഓഫ് മ്യൂസിക്കിന്റെ വാദ്യോപകരണങ്ങളുടെ ഗുണമേന്മ കേരള കലാമണ്ഡലത്തിലെ ഒരു വിദ്യാർത്ഥിയെക്കൊണ്ട് പരിശോധിപ്പിച്ചതിന്റെ സാക്ഷ്യപത്രം ഫയലിലുണ്ട് . മതിയായ കാരണങ്ങളില്ലാതെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആപ്സ് ഇന്ററാക്റ്റീവ് ടെക്നോളജീസിന്റെ ടെണ്ടർ നിരസിച്ച നടപടി അംഗീകരിക്കാനാകില്ല. അതിനാൽ ഈയിനത്തിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 69,000/-രൂപ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നം | 6/ 31.1.2020 |

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 18.05.2019 | കെ.എസ്.എ.കെ.എൽ.എം.പി.3/1111/19 തീയതി 29.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-2019 | 1,30,262 | നെൽകൃഷി വികസനം | 1,30,262 | 0 |
| | | 8,85,000 | ഭവനിർമ്മാണം (ലൈഫ്) | 8,85,000 | |
| | | 2,00,000 | അങ്കണവാടി പോഷകാഹാരം | 1,99,874 | 126 |
| | | 12,19,200 | കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | 0 | 12,19,200 |
| | | 1,54,200 | ഭിന്ന ശേഷി സ്കോളർഷിപ്പ് | 1,54,200 | 0 |
| | | 2,00,000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി | 2,00,000 | 12,19,326 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 13,95,000 | ഭവനിർമ്മാണം (ലൈഫ്) | 13,95,000 | 0 |
| | | 3,00,000 | ഭിന്ന ശേഷി സ്കോളർഷിപ്പ് | 3,00,000 | 0 |
| | | 2,25,000 | ബഡ്സ് സ്കൂൾ വാഹന വാടക | 1,16,800 | 1,08,200 |
| | | 2,25,000 | ബഡ്സ് സ്കൂൾ അധ്യാപകർക്ക് വേതനം | 1,92,000 | 33,000 |
| | | 50,000 | ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം | 31,264 | 18,736 |

ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നീക്കിയിരുപ്പായി 12,19,326, 1,59,936 എന്നീ തുകയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ AFS പ്രകാരം തുകകൾ പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 2532904 | 2101460 | 431444 |
| | | 1564790 | 515923 | 1048867 |
| | | 2230000 | 0 | 2230000 |
| | | 1520000 | 631474 | 888526 |
| | | 1340000 | 0 | 1340000 |
| | | 1520000 | 0 | 1520000 |
| | | 1210000 | 0 | 1210000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതികൾക്ക് മൊബിലൈസേഷൻ അഡ്വാസൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,49,02,554 രൂപ വരവുണ്ട്. ഇതിൽ 1,48,80,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ1884/15/ ത.സ്വ.ഭ.വ തീയതി 23.06.2015 | 1,93,15,284 | 1,67,60,192 | 27,59,336 | 17,16,578 | 14,00,856 |
| ലൈഫ് മിഷൻ (ഹഡ്കോ) | | 4,00,00,000 | 1,49,02,554 | 0 | 0 | 1,49,02,554 |
| ഇ.എം.എസ് ഭവന പദ്ധതി | | | 13,63,900/- | 13,63,900/- | 0 | 0 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2000000 |
| തൻവർഷം നിക്ഷേപിച്ച തുക | 195000 |
| ആകെ | 2195000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2195000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-4 | 2014-15 | 6-2 | അനിവാര്യമായ രേഖകളുടെ അഭാവത്തിൽ പാറക്വാറികൾക്ക് | വകുപ്പുതല നടപടികൾക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | ലൈസൻസ് അനുവദിക്കൽ | ശുപാർശ ചെയ്തു |
| 1999-00 | 2-29 | 2004-05 | - | രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,45,73,758 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,00,67,598 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23,432 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,00,880 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി).ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3,372 | ശ്രീമതി. ഷാരോൺ ബിൻ റഷീദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 16,610 | |
| 3-3 | | 3,450 | ശ്രീ. മണികണ്ഠൻ. ആർ അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 39,30,880 | ശ്രീ. എം. ആർ. ഷെരീഫ്, സെക്രട്ടറി, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-28 | 1,70,000 | ശ്രീ. എം. ആർ. ഷെരീഫ്, സെക്രട്ടറി, വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-15 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - പരിപാലനത്തിൽ വീഴ്ച വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്യുന്നു. |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷാരോൺ ബിൻ റഷീദ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് | സെനാന<br>കോളജ് റോഡ്,<br>ആറ്റിങ്ങൽ |
| ശ്രീ. മണികണ്ഠൻ. ആർ<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത്, പാലക്കാട് | മണികണ്ഠൻ വിലാസം, പാരിപ്പള്ളി പി.ഒ,<br>കൊല്ലം |
| ശ്രീ. എം. ആർ. ഷെരീഫ്, സെക്രട്ടറി | വിരമിച്ച | പുത്തൻവീട്<br>മേവറം<br>ഉമയനല്ലൂർ പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(2), തീയതി, 22.3.18 | 24, 30, 39 | |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(3), തീയതി, 22.3.18 | 28, 29, 39 | 29 കൺസോളിഡേറ്റഡ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(4), തീയതി, 22.3.18 | 2-2, 2-3,3-3 (എ, സി, ഡി) 3-7 | |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(5), തീയതി, 22.3.18 | 2-1, 3-1 , 3-5 3-8 | |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(6), തീയതി, 22.3.18 | 3-5,3-8, 3-14 | |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(7), തീയതി, 22.3.18 | 3-2(1,2,5,6,7,8, 9-മുതൽ 17 വരെ) | |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(8), തീയതി, 22.3.18 | 3-5, 3-15 | |
| 2005-2006 | കെ.എസ്.എ.കെ.എൽ എം.പി 3/421/18(9), തീയതി, 22.3.18 | 3-6 (1,3) | |
| 2006-2007 | കെ.എസ്.എ.കെ.എൽ എം.പി 3/811(1)/2019തീയതി,12.06.2019 | 2-1, 3-2, 3-3, 3-8 | |
| | | | |

| | | | |
|---|---|---|---|
| 2007-2008 | കെ.എസ്.എ.കെ.എൽ എം.പി 3/811(2)/2019തീയതി,12.06.2019 | 3-4, 3-5,3-7, 3-9 | |
| 2008-2009 | കെ.എസ്.എ.കെ.എൽ എം.പി 3/811(3)/2019തീയതി,12.06.2019 | 3-2, 3-4,3-5 | |
| 2009-2010 | കെ.എസ്.എ.കെ.എൽ എം.പി 3/811(4)/2019തീയതി,12.06.2019 | 2-1, 2-2, 3-2, 3-3 3-4, 3-5, 3-6, 3-9 | |
| 2010-2011 | കെ.എസ്.എ.കെ.എൽ എം.പി 3/811(5)/2019തീയതി,12.06.2019 | 2-1, 3-3 3-4 (1,2) , 3-5, 3-6, 3-8, 3-9, 3-11, 3-12 | |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7-621/14/05.05.14/22.05.2014 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2012-2013 | എൽ.എഫ്.ക്യു.-പി-7/384/2015/ തീയതി, 4.4.2015 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | ഖ. 2-4 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2013-2014 & 2014-2015 | കെ.എസ്.എ/കെ.എൽ.എം. പി-7/937/ 2016/ തീയതി, 08.06.2016 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2015-16 | കെ.എസ്.എ/ കെ.എൽ.എം.പി-7/224/ 2017/ തീയതി, 13.02.2017 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2016-17 | കെ.എസ്.എ/ കെ.എൽ.എം.പി-3/1448/17/ തീയതി, 16.8.17 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2017-18 | കെ.എസ്.എ/ കെ.എൽ.എം.പി-3/362/19 തീയതി-30.04.2019 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കൊല്ലം.

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.കെ.എൽ.എം-പി/3-316/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി – 09/06/2020

## <u>സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# <u>അനുബന്ധം 2 അനുബന്ധ പത്രികകൾ</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്